പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2322 14.06.2019-ൽ മറുപടിയ്ക്ക്

ലോട്ടറി ടിക്കറ്റിന്മേൽ ഒരു ശതമാനം സെസ്സ്

| ചോദ്യം<br>ശ്രീ.റോജി എം. ജോൺ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന ലോട്ടറി ടിക്കറ്റിന്മേൽ ഒരു ശതമാനം സെസ്സ് ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഇല്ല. സംസ്ഥാന ലോട്ടറിയുടെ നികുതി ബാധകമായ വിതരണം ലോട്ടറി വകുപ്പും വെൽഫെയർ ബോർഡും തമ്മിലുള്ളതാണ്. വെൽഫെയർ ബോർഡ് രജിസ്ട്രേഷൻ ഉള്ള വ്യാപാരി ആണ്. വെൽഫെയർ ബോർഡ് നടത്തുന്ന പുനർ വിതരണങ്ങൾ നികുതി വിമുക്തമായതിനാൽ പ്രളയ സെസ്സ് ലോട്ടറി വിതരണത്തിന് ബാധകമല്ല. |
| (ബി) | നിലവിൽ ലോട്ടറിക്ക് എത്ര ശതമാനം ജി.എസ്.ടിയാണ് ഈടാക്കുന്നത്; | (ബി) | സംസ്ഥാനത്തിനകത്ത് വിൽക്കപ്പെടുന്ന, അതാത് സംസ്ഥാനം നടത്തുന്ന ലോട്ടറികൾക്ക് 12% ഉം സംസ്ഥാനത്തിനകത്ത് വിൽക്കപ്പെടുന്ന അന്യ സംസ്ഥാന ലോട്ടറികൾക്ക് 28% ഉം ആണ് നിലവിൽ ജി.എസ്.ടി നികുതി നിരക്ക്. (അന്യ സംസ്ഥാന ലോട്ടറികൾ ഇപ്പോൾ കേരളത്തിൽ വിൽക്കപ്പെടുന്നില്ല) |
| (സി) | ജി.എസ്.ടി നിലവിൽ വന്ന ശേഷം ലോട്ടറി വില്പനക്കാരുടെ വില്പന കമ്മീഷനിൽ കുറവ് വരുത്തിയിട്ടുണ്ടോ; എന്ത് കുറവാണ് വരുത്തിയത്; വ്യക്തമാക്കാമോ; | (സി) | ജി.എസ്.ടി നിലവിൽ വന്നശേഷം ലോട്ടറി വില്പനക്കാരുടെ വില്പന ഡിസ്കൗണ്ട് ഒരു ടിക്കറ്റിൽ ശരാശരി 1.5/- രൂപയുടെ കുറവ് വരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ലോട്ടറി ടിക്കറ്റിന്മേൽ സെസ്സ് ഏർപ്പെടുത്തുന്നത് ടിക്കറ്റ് വില്പനയെ ബാധിക്കുമെന്നിനാൽ ഇക്കാര്യം പുന:പരിശോധിക്കുമോ എന്ന് അറിയിക്കുമോ? | (ഡി) | ലോട്ടറി ടിക്കറ്റിന്റെ വിതരണത്തിന് സെസ്സ് ബാധകമല്ല. |

സെക്ഷൻ ഓഫീസർ